പൊതുജനങ്ങളെ ബോധവൽക്കരിക്കുകയും എല്ലാ പോലീസ് സ്റ്റേഷനുകളിലും പൊതു സ്ഥലങ്ങളിലും പണമോ പാരിതോഷികമോ നൽകാൻ പാടില്ലായെന്നുള്ള ബോർഡുകൾ പ്രദർശിപ്പിച്ചിട്ടുള്ളതും ആയതിന് വിപരീതമായി പ്രവർത്തിക്കുന്നവരുടെ പേരുവിവരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ അറിയിക്കണമെന്നതിനുമുള്ള ഫോൺ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ പ്രദർശിപ്പിച്ചും ഇത്തരം പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

4. അഴിമതിപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പോലീസ് സേനയിലെ ഏതെങ്കിലും ഉദ്യോഗസ്ഥർ ബന്ധപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടാൽ അത്തരക്കാരെ നിരീക്ഷിച്ച് അന്വേഷണം നടത്തുകയും വകുപ്പുതല നടപടികളും മറ്റും സ്വീകരിക്കുകയും കൂടുതൽ നടപടി ആവശ്യമെന്നുകാണുന്ന കേസുകളിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ അറിയിക്കുകയും ചെയ്തുവരുന്നുണ്ട്.

(ബി) ഉണ്ട്. അഴിമതിപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെന്ന് ആരോപിക്കപ്പെടുന്ന ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിക്കുകയും, അന്വേഷണം നടത്തി നിയമപനടപടികൾ സ്വീകരിക്കുവാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പോലീസ് സേനയിൽ അഴിമതിയും കൈക്കൂലിയും വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുവെന്ന് ആരോപിക്കപ്പെടുന്ന ഉദ്യോഗസ്ഥരെ നിരീക്ഷിക്കുകയും അന്വേഷണം നടത്തി കുറ്റക്കാരെന്നു കണ്ടെത്തുന്നവർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

കേരളത്തിനായി പ്രധാനമന്ത്രി പ്രഖ്യാപിച്ച പദ്ധതികൾ

*23 [406] *ശ്രീ. കെ. പി. രാജേന്ദ്രൻ:*
,, *എം. കുമാരൻ:*
,, *ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വികസനത്തിനായി പ്രധാനമന്ത്രി പ്രഖ്യാപിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതികളിലെല്ലാംകൂടി എത്രകോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്തുണ്ടാകുമെന്ന് വ്യക്തമാക്കുമോ;

(സി) പുതിയ പദ്ധതികൾ സംബന്ധിച്ച് എന്തെങ്കിലും ധാരണാപത്രങ്ങളിൽ ഒപ്പുവച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മുൻ പ്രധാനമന്ത്രി പ്രഖ്യാപിച്ച പദ്ധതികൾ പുതിയ പദ്ധതികളിൽ ഉൾപ്പെടുന്നുണ്ടോ;

(ഇ) പ്രധാനമന്ത്രിയും കേരളത്തിൽ നിന്നുള്ള എം.പി. മാരും നടത്തിയ ചർച്ചകളിൽ ഇതുസംബന്ധിച്ച് ഉണ്ടായ തീരുമാനങ്ങൾ എന്തൊക്കെയാണെന്നും വെളിപ്പെടുത്തുമോ;

(എഫ്) പന്ത്രണ്ടാം ധനകാര്യക്കമ്മീഷന്റെ ശുപാർശകളെ തുടർന്ന് സംസ്ഥാനത്തിന്റെ കേന്ദ്രവിഹിതം വെട്ടിക്കുറയ്ക്കാനുള്ള തീരുമാനം റദ്ദാക്കാമെന്ന് പ്രധാനമന്ത്രി ഉറപ്പുനൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*:

(എ) വല്ലാർപാടം ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ, കായംകുളം എൻ.ടി.പി.സി. താപനിലയ വികസനം, എൽ.എൻ.ജി. റീഗ്യാസിഫിക്കേഷൻ പ്ലാന്റ്, പെട്രോകെമിക്കൽ വാതക പ്ലാന്റ് സമുച്ചയം എന്നിവയാണ് പ്രധാനമന്ത്രി പ്രഖ്യാപിച്ച പദ്ധതികൾ.

(ബി) പ്രധാനമന്ത്രി പ്രഖ്യാപിച്ച പദ്ധതികളിലെല്ലാംകൂടി ഏകദേശം ഇരുപതിനായിരം കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കാം.

(സി) വല്ലാർപാടം ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ പദ്ധതി സംബന്ധിച്ച് ദുബായ് പോർട്ട് ഇന്റർനാഷണലുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

(ഡി) വല്ലാർപാടം ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ പദ്ധതിയും, കായംകുളം എൻ.ടി.പി.സി. താപനിലയ വികസനപദ്ധതിയും ഉൾപ്പെടുന്നുണ്ട്.

(ഇ) റെയിൽവേ, ദേശീയപാതകളുടെ വികസനത്തിനുള്ള പദ്ധതികളും ഐ.ഐ.ടി., ആൾ ഇന്ത്യാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ അനുവദിക്കുന്ന കാര്യവും പരിഗണിക്കുമെന്ന് എം.പി.മാരുമായി നടത്തിയ ചർച്ചകളിൽ പ്രധാനമന്ത്രി പറഞ്ഞു.

(എഫ്) ധനകാര്യകമ്മീഷൻ വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിൽ വെട്ടിക്കുറച്ച വിഹിതം മറ്റ് പദ്ധതികളിലൂടെ പരിഹരിച്ചുനൽകുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമെന്ന് പ്രധാനമന്ത്രി ചർച്ചകളിൽ പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly